DMC5-1160/2020 തീയതി - 19/05/2020

# മഴക്കാല മുന്നൊരുക്കപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 19.05.2020 ന് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിൻെറ നടപടി സംഗ്രഹം

ഹാജർ

1. ശ്രീ. ജി.വേണുഗോപാൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ആലപ്പുഴ
2. ശ്രീ. ജയിംസ് ജോസഫ്, IPS ജില്ലാ പോലീസ് മേധാവി
3. ശ്രീ. സുഹൈർ. കെ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
4. ഡോ. അനിതാകുമാരി. ഡി.എം. ഒ (ആരോഗ്യം) ആലപ്പുഴ
5. ശ്രീ. അഭിലാഷ് കെ. ആർ, ജില്ലാ ഫയർ ഓഫീസർ ആലപ്പുഴ
6. ശ്രീ. എം.ജി. സാബു, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി, ആലപ്പുഴ
7. ശ്രീമതി. ആശ സി എബ്രഹാം, ഡെപ്യൂട്ടി കളക്ടർ (ഡി.എം)

യോഗനടപടികൾ 3.30 ന് ആരംഭിച്ചു. യോഗത്തിൽ സന്നിഹിതരായവർക്ക് ചെയർപേഴ്സൺ സ്വാഗതം ആശംസിച്ചു. തെക്ക്പടിഞ്ഞാറൻ കാലവർഷം ആസന്നമായ സാഹചര്യത്തിൽ ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് യോഗം ചേർന്നതെന്ന് ആമുഖമായി അദ്ധ്യക്ഷ അറിയിച്ചു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ ജില്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ളതും, മുൻവർഷ ങ്ങളിലേതുപോലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളത് യോഗം വിലയിരുത്തു കയും ആയതിന് തത്വത്തിൽ സാധൂകരണം നൽകുകയുമുണ്ടായി. കൂടാതെ ഈ വർഷത്തെ ഓറഞ്ച് ബുക്ക്- കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖയിലെ പരാമർശങ്ങളും യോഗം വിശകലനം ചെയ്തു.

**തീരുമാനങ്ങൾ**

1. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് മേധാവികളും നോഡൽ ഓഫീസർമാരെ നിയമിച്ച് വിവരങ്ങൾ 25.05.2020 ന് മുമ്പായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് സമർപ്പിക്കുന്നതിനും കൂടാതെ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ദുരന്തലഘൂകരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്ക ുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചു.
2. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരെ പങ്കെടുപ്പിച്ച് മഴക്കാലപൂർവ്വ നടപടികൾ സംബന്ധിച്ച യോഗങ്ങൾ (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) ഡി.ഡി.എം.എ വൈസ് ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ നടത്തുവാനുള്ള എസ്.ഡി.എം.എ നിർദ്ദേശം നടപ്പിലാക്കുവാൻ തീരുമാനിച്ചു.
3. കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിയ്ക്കുന്നതുമായി ബന്ധപ്പെട്ട് SDMA യിൽ നിന്നും ലഭിച്ച ഓറഞ്ച് ബുക്കിലെ മാർഗ്ഗരേഖ പ്രാവർത്തികമാക്കുവാൻതീരുമാനിച്ചു. കൂടാതെ ക്രമനമ്പർ 3

പ്രകാരം കോവിഡ് രോഗലക്ഷണങ്ങളുള്ള ആളുകളെ മാറ്റി പാർപ്പിക്കുന്നതിനായി പ്രത്യേകം കെട്ടിടങ്ങൾ കണ്ടെത്തണമെന്നുള്ള നിർദ്ദേശം സമുദ്രനിരപ്പിൽ നിന്നും താഴെയായി സ്ഥിതി ചെയ്യുന്ന കുട്ടനാട് താലൂക്കിനെ സംബന്ധിച്ച് തികച്ചും അപ്രായോഗികമാണെന്ന് യോഗം വിലയിരുത്തുകയും ആയത് സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു.ആയതിനാൽ കുട്ടനാടിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് 2020 മെയ് 20 മുതൽ കോവിഡ് 19 രോഗവ്യാപന നിയന്ത്രണ നടപടികളുടെ ഭാഗമായി നിരീക്ഷണത്തിൽ വെയ്ക്കാനുള്ള വ്യക്തികളെ കുട്ടനാട് താലൂക്കിലെ കോവിഡ് കെയർ സെൻററിലേയ്ക്ക് അയക്കേണ്ടതില്ലാ എന്ന് തീരുമാനിച്ചു.

4. കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസക്യാമ്പുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചു.
5. കോട്ടയം ജില്ലയുമായി അതിർത്തി പങ്കിടുന്ന കിടങ്ങറ പാലത്തിന് സമീപം യാത്രാബോട്ടുകൾക്ക് തടസ്സമായി അടിഞ്ഞുകൂടിയ പോളകൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് കോട്ടയം ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുവാനും കൂടാതെ Evacuation സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന 2 ബോട്ടുകൾ കെ.സി. പാലത്തിന് കിഴക്ക് വശത്ത് വിന്യസിക്കുവാൻ ജലഗതാഗത വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു.
6. കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി സ്പിൽവെയിലൂടെ ജലം അറബിക്കടലിലേയ്ക്ക് സുഗമമായി ഒഴുകുന്നതിന് തടസ്സങ്ങൾ നീക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
7. ജില്ലയിലെ വിവിധ സന്നദ്ധസംഘടനകൾക്കും Civil Defence Volunteer മാർക്കും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിരമായി പ്രത്യേക പരിശീലനം നൽകുവാൻ തീരുമാനിച്ചു.
8. ഡീവാട്ടറിംഗിന് ഉപയോഗിക്കുന്ന പമ്പ് അറ്റകുറ്റപ്പണി നടത്തുന്നതിലേക്കായി ഫയർ ഫോഴ്സിന് ചിലവായ 4100/- രൂപ നൽകുന്നതിന് തീരുമാനിച്ചു.

യോഗനടപടികൾ 4.30 ന് പര്യവസാനിച്ചു.

ജില്ലാദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
& ജില്ലാ കളക്ടർ ആലപ്പുഴ

പകർപ്പ്: എല്ലാ DDMA അംഗങ്ങൾക്കും
ഡി.ഡി.പി. ആലപ്പുഴ
എല്ലാ തഹസീൽദാർമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
കരുതൽ ഫയൽ